(സി) ആലുവാ ഡിസ്പെൻസറി ഒരിടത്തിയ വാടകകെട്ടിടത്തിൽ കിടക്കുന്നതു് മാറ്റി സ്ഥാപിക്കുവാൻ ഭയവുണ്ടാകുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.) :

(എ) 53 ഡിസ്പെൻസറികൾ.

(ബി) അറിയാം.

(സി) ന്യായമായ വാടകയ്ക്കു് സൗകര്യമായ ഒരു കെട്ടിടം ലഭിക്കുമ്പോൾ അതേപ്പറ്റി പര്യാലോചിക്കാവുന്നതാണു്.

പുഞ്ചക്കൃഷിക്കാർക്കു് ലോൺ ഏർപ്പാടിൽ കൊടുത്ത വളം.

* 801. [74] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഞ്ചക്കൃഷിക്കാർക്കു് വിളവു് ഇടിമേൽ 1127 മുതൽ 1130 വരെ ഓരോ ആണ്ടിലും എത്ര രൂപ വിലയുള്ള വളം കടം കൊടുത്തിട്ടുണ്ടു്;

(ബി) ഓരോ ആണ്ടിലും തിരിച്ചടക്കേണ്ടതിൽ എന്തു സംഖ്യ കുടിശികയുണ്ടു്;

(സി) വളം ലോൺ ഏർപ്പാടിൽ കർഷകനു് എന്തെല്ലാം സൗജന്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ടു്;

(ഡി) കാലപ്പിഴമൂലമുള്ള കൃഷിനഷ്ടത്തിലും, മറ്റും കൃഷിയെടുപ്പുസമയത്തു് വളത്തിന്റെ വില തിരിച്ചടക്കാൻ നിവൃത്തിയില്ലാതെ വരുന്നവർക്കു് സൗജന്യം നിഷേധിക്കാറുണ്ടോ ? ഉണ്ടെങ്കിൽ ആ നടപടി അവസാനിപ്പിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം).

		രൂപ.	ണ.	സ.
(എ)	1127—ൽ	4,03,340	8	3
	1128—ൽ	7,24,627	12	0
	1129—ൽ	4,46,356	10	6
	1130—ൽ	23,317	0	0
(ബി)	1127—ൽ	53,623	7	2
	1128—ൽ	3,03,263	4	0
	1129—ൽ	1,00,892	5	11
	1130—ൽ	20,666	4	0

(സി) കടമായികൊടുക്കുന്ന വളത്തിന്റെ വില എസ്റ്റിമേറ്റിലെ വ്യവസ്ഥയനുസരിച്ചുള്ള കാലാവധിക്കുള്ളിൽ തിരിച്ചടച്ചാൽ നാലു ശതമാനംമാത്രം പലിശകൊടുത്താൽ മതിയാകും.

(ഡി) ഇപ്പോൾ നിഷേധിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly